# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:995      10.06.2019-ലെ മറുപടി

## സമഗ്ര കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 2017-18 ലെ ബഡ്ജറ്റിൽ കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടത്തിനു 195 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരുന്നത്. 241 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. ചില വിശദീകരണങ്ങൾ കിഫ്ബി ഉന്നയിച്ചതിനെ തുടർന്ന്, എസ്റ്റിമേറ്റ് 291 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; നടപ്പു സാമ്പത്തിക വർഷം പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ? | (ബി) | 2020 മുതൽ 2050 വരെയുള്ള 30 വർഷത്തേക്കുള്ള ജല ആവശ്യം പരിഗണിച്ചാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ രണ്ടു ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ ജലം എന്ന കണക്കിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകൾക്കും ഓരോ ഉന്നതതല ജല സംഭരണിയും, ആകെ 894 കിലോമീറ്റർ നീളത്തിൽ ജലവിതരണ കുഴലുകളും, നീരേറ്റുപുറത്ത് പ്രതിദിനം 30 MLD ഉൽപ്പാദനശേഷിയുള്ള ശുദ്ധീകരണശാലയും, പമ്പാ നദിയിൽ നീരേറ്റുപുറത്ത് 120 കുതിര ശേഷിയുള്ള മോട്ടോർ ഘടിപ്പിച്ച പമ്പ് ഹൗസും അനുബന്ധ ട്രാൻസ്ഫോർമറുകളും സബ് സ്റ്റേഷനുകളും സ്ഥാപിച്ചുകൊണ്ടുള്ള പ്രവർത്തിയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മൂന്നു വർഷം കൊണ്ടു പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**